**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3837** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനു കെ. എസ്. ആർ. ടി. സി. യുടെ ടൂർ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിന് കെ. എസ്. ആർ. ടി. സി. യുടെ ടൂർ പാക്കേജ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ ജലഗതാഗത പാക്കേജുകൾ നടത്തി വരുന്നുണ്ട്. ഇതുകൂടാതെ പ്രധാന സ്ഥലങ്ങളിൽ ഹൗസ് ബോട്ട് യാത്രകളും ഉൾപ്പെടുത്തിയ പാക്കേജുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നു. |
| (ബി) | എടത്വ, ആലപ്പുഴ, ചങ്ങനാശ്ശേരി, തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, ഹരിപ്പാട്, എറണാകുളം, കോട്ടയം, പത്തനംതിട്ട, അടൂർ, കൊല്ലം തുടങ്ങിയ ഡിപ്പോകളിൽ നിന്നും ഡബിൾ ഡെക്കർ സർവീസ് കുട്ടനാടിന്റെ ഗ്രാമീണ പാതകളിലൂടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഡബിൾ ഡെക്കർ ബസ് സർവീസ് നടത്തുന്നതിനുള്ള സാധ്യത പഠനം നടത്തിയ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഇത്തരം സർവീസ് ആരംഭിക്കാൻ നടപടിയുണ്ടാകുമോയെന്ന് അറിയിക്കാമോ? | (സി) | ഡബിൾ ഡെക്കർ ബസ് സർവീസ് നടത്തുന്നതിനുള്ള സാധ്യത പഠനം നടത്തിയ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ